# PETALS
## of Malankara

**500+**
Crore Business

**18000+**
Depositors

**35000+**
Happy Members

**26000+**
Loanees




See Page - No 12

Gold Coin to The Winner



Malankara Credit Society Christmas Celebration 2022

Vol:13 | Issue : January 2023

PETALS of Malankara

# MALANKARA CREDIT SOCIETY LTD

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004
REG. NO. MSCS/CR/297/2008
MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED
Registered Under
MINISTRY OF CO-OPERATION, GOVT. OF INDIA
www.mmsccs.com | info@mmsccs.com | Toll-free: 1800 313 1223



**BOCHE**
(Dr. BOBY CHEMMANUR)
812 Km. Run Unique World Record & Guinness Record Holder : World Peace
Social Worker | Sportsman | Businessman | Motivator | Entertainer
Chairman & Managing Director Boby Group of Companies

PETALS of Malankara

Corporate Monthly E-Magazine of
**Malankara Credit Society**

Printed and Published by:
**Mr.Jisso Baby**
CMD

**Editorial Board**
**Chief Editor**
**Mrs.Mariyama Pious**
Vice Chairman

**Associate Editor**
**Mr. Jose Mohan**
Vice President

**Members**
**Christo Johny**
**Anjali VR**
**Krishna KK**
**Anjali KV**
**Sadhik Aboobaker**

**Design & Layout**
**Domson Simon**

## Objectives:

TO
- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence

## Lucky Draw Contest for Malankara Members

GOLD COIN to the winner



**Malankara Credit Society employees are not eligible for the contest**

Please read the EMagazine to qualify for lucky draw contest.



# MESSAGE



**Jisso Baby**
CMD

## Request for all members

**ലോകത്തിലെ ആയിരകണക്കിന്, ലക്ഷകണക്കിന്, കോടികണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുക**

4500 കോടി രൂപയുടെ ബിസിനസ്സ് ടാർഗറ്റ് 2024 ഡിസംബർ 31നുള്ളിൽ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ മലങ്കര ക്രെഡിറ്റ് സൊസൈറ്റി ഈ ആധുനിക കാലഘട്ടത്തിലേക്ക് ചുവടു വെച്ചിരിക്കുകയാണ്.

രണ്ട് രീതിയിൽ അംഗങ്ങളിലേക്ക് കൂടുതൽ അടുത്ത് കൊണ്ട് നിലവിലുള്ള അംഗങ്ങൾക്കും വരാൻ പോകുന്ന അംഗങ്ങൾക്കും സേവനം നൽകാനായി ഡിജിറ്റൽ ആയും ഫിസിക്കൽ ആയും ഉള്ള വാതിലുകൾ മലങ്കര ക്രെഡിറ്റ് സൊസൈറ്റി അംഗങ്ങൾക്കായി തുറന്നിട്ടിരിക്കുകയാണ്. ബിസിനസ്സ് വളർത്തുന്നതിന് വേണ്ടി മാർക്കറ്റിംഗിനായാണ് ഏറ്റവും കൂടുതൽ ചിലവുകൾ ഈ കാലഘട്ടത്തിൽ എല്ലാ ബിസിനസ്സ്കാരും ചെയ്തു കൊണ്ടിരിക്കുന്നത്. അത് പത്രം, ടീവി, മറ്റ്  സ്പോൺസർഷിപ്പുകൾ അങ്ങനെ പലതിലും ചിലവഴിച്ചു കൊണ്ട് പേരുണ്ടാക്കാനും അത് വഴി ബിസിനസ്സ് കൂട്ടാനും അവർ ശ്രമിക്കുന്നു.

എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി മലങ്കര ക്രെഡിറ്റ് സൊസൈറ്റി വളരെ ചിലവ് കുറഞ്ഞ നൂതന മാർക്കറ്റിംഗ് രീതിയിലൂടെ അംഗങ്ങൾക്ക് സൊസൈറ്റിയുടെ ഡെപ്പോസിറ്റ് പ്രൊഡക്റ്റുകളും സൊസൈറ്റിയുടെ ലോൺ പ്രൊഡക്റ്റുകളും വിൽക്കുന്നതിന് പുറമെ അംഗങ്ങൾക്ക് സൊസൈറ്റിയുടെ കൂടുതൽ ഷെയറുകൾ വാങ്ങി കൊണ്ട് കൂടുതൽ ലാഭവിഹിതം നേടാനുള്ള അവസരവും നൽകുന്നു.

ഒന്നാമത്തെ ചിലവ് കുറഞ്ഞ മാർക്കറ്റിംഗ് രീതിയാണ് സോഷ്യൽ മീഡിയ വഴിയുള്ള മാർക്കറ്റിംഗ്. സ്വന്തമായി സൊസൈറ്റിക്കുള്ള ആധുനിക വെബ്സൈറ്റ് വഴിയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളായ ഫേസ്ബുക്, ഇൻസ്റ്റഗ്രാം, യൂട്യൂബ് വഴിയും സൊസൈറ്റിയുടെ ഡെപ്പോസിറ്റുകളേയും ലോണുകളെയും ഷെയറുകളെയും പറ്റിയുള്ള വിവരങ്ങൾ വളരെ വേഗത്തിൽ അധിക പണച്ചിലവില്ലാതെ തന്നെ അംഗങ്ങളിലേക്കു എത്തിക്കാൻ സാധിക്കുന്നു. തന്മൂലം അംഗങ്ങൾക്ക് സമയാസമയങ്ങളിൽ സൊസൈറ്റിയുടെ നിക്ഷേപങ്ങൾക്കു ലഭിക്കുന്ന കൂടിയ പലിശ എത്രയാണോ അതു പോലെ തന്നെ കുറഞ്ഞ പലിശക്ക് ലോണുകൾ ലഭിക്കുമെന്ന വിവരവും ഷെയറിനു കിട്ടുന്ന ലാഭവിഹിതവും വളരെ പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. ഇവിടെയാണ് രണ്ടാമത്തെ രീതി ഉടലെടുക്കുന്നത്. ഈ കാര്യങ്ങൾ അംഗങ്ങൾ മനസ്സിലാകുന്നത് വഴി അവർക്ക് അവരുടെ ബന്ധുക്കളേയും സുഹൃത്തുക്കളേയും മറ്റും സൊസൈറ്റിയെ പറ്റി പരിചയപ്പെടുത്താനും നിക്ഷേപപദ്ധതികളെയും ലോൺ സൗകര്യങ്ങളേയും പറഞ്ഞു സേവനം നൽകുന്നതിനായി സാധിക്കുന്നു. അത്തരത്തിൽ അംഗങ്ങൾ പുതിയ അംഗങ്ങൾക്കുള്ള സേവനം നൽകുന്നത് വഴി അവർക്ക് നല്ല വരുമാനം ലഭിക്കുന്നു. ഈ രണ്ട് രീതിയിൽ മറ്റ് പ്രസ്ഥാനങ്ങൾ മാർക്കറ്റിംഗിന് വേണ്ടി ചിലവഴിക്കുന്ന വലിയ വലിയ തുകകൾ ചിലവഴിക്കാതെ തന്നെ സൊസൈറ്റിക്ക് ചുരുങ്ങിയ സമയം കൊണ്ട് 500 കോടിയും, 500 കോടിയിൽ നിന്ന് 4500 കോടിയിലേക്ക് ബിസിനസ്സ് വളർത്തുവാനും സാധിക്കും. അങ്ങനെ ബിസിനസ്സ് ചെയ്യുന്നത് വഴി മാർക്കറ്റിംഗിന് വേണ്ടി ചിലവഴിക്കുന്ന വലിയ തുക ചിലവഴിക്കാത്തതു മൂലം സൊസൈറ്റിക്കു വർഷാ വർഷം കൂടുതൽ ലാഭം ഉണ്ടാക്കാൻ സാധിക്കുകയും, ഈ ലാഭത്തിന്റെ വിഹിതം അംഗങ്ങൾക്ക് വീതിച്ചു നൽകാനും സാധിക്കുന്നു. ഇത്തരത്തിൽ മലങ്കര ക്രെഡിറ്റ് സൊസൈറ്റി, കോഓപ്പറേറ്റീവ് പ്രാഥമിക തത്വമായ മെമ്പർമാരുടെ ഉന്നമനം യാഥാർത്ഥ്യമാക്കുകയും അങ്ങിനെ ലോകത്തിലെ ആയിരകണക്കിന് ലക്ഷകണക്കിന് കോടിക്കണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയും ചെയ്യുന്നു.

ഈ 2023ൽ  സൊസൈറ്റിയുടെ എല്ലാ അംഗങ്ങളുടെയും സഹപ്രവർത്തകരുടെയും ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കട്ടെ എന്ന് ആശംസിച്ചു കൊണ്ട് ,
നന്മകൾ നേർന്ന് കൊണ്ട്
ജിസ്സോ ബേബി



**Jose Mohan C.J.**
**Vice President**



# WHO IS A WHISTLE-BLOWER IN AN ORGANISATION?

An organisation grows and works like an artificial person. Organisation is represented by numerous employees doing different functions depending upon the skills required for its growth. Each small group of workers will have a supervisor and when the organisation grows, a group of supervisors will have supervisors and this continuum at its apex is managed by a Chief Executive officer (CEO) which can be a Managing Director also representing its Board of Directors. Organisation can be a manufacturing, trading, Insuring, financing, banking company, where chances of mistakes by the employees during its operations are always there. So all organisations appoint Auditors to verify the transactions in cash or transfer where chances of income leakage are many or it can lead to future loss due to aberrations from the rules of the company. Their scope of work is to ensure that the employees and departments were working as per the policies, guidelines and instructions of the organisation. In case any anomalies are detected, they report to the headquarters and the concerned department gives instructions to rectify the mistakes and takes appropriate actions against the erring employees or departments.

Apart from the audit where the mistakes happened due to carelessness but without any mal intention, there are cases where the deviations from the rules are intentionally made to earn undue advantages against the ethics of the company and law of the land. An example is negotiating the rates of purchase and sale with a fixed commission to self instead of bargaining better rates for the company. Receiving valuable gifts, pecuniary benefits etc. to conclude shady deals which always goes against the interest of company. In short, any corrupt activity of our employees at any level or our business associates, shareholders etc. in any organisation, has to be brought to limelight and arrested immediately. In order to find out such instances all companies are vigilant and normally, a vigilance department works in all growing organisations. Vigilance department officials themselves may not be able to locate such instances in a huge company with large networks. In such cases they encourage honest employees as informers with identity or without identity and sometimes awards are declared for those who give valuable information. This is prevalent in key government departments also. There are cases where a rival of the corrupt employee may become an informer when they are not personally benefited.Though such information is valuable to the organisation but such informers have to be under the scan by the vigilance department as he is also a potential person for such malicious activity in future. But genuine and honest informers who do this without identity to others are called wistle-blowers. Such people are the assets of a company and have to be honored publically or in person whatever way the organisation decides but they are the real assets of the company. The last but not the least is mitigation of similar incidents in future in which the management has to take action immediately failing which all these exercises will be in futile.

# ಮಾನವೀಯತೆ- ಮೌಲ್ಯ

ಮನೆಗೆ ಹೊರಟಿದ್ದೆ ಎಲೆಕ್ಟ್ರಿಕ್ ಕಂಬಕ್ಕೆ ಯಾರೋ ಒಂದು ಬೋರ್ಡ್ ನೇತು ಹಾಕಿದ್ದರು. ಅದರಲ್ಲಿ ಏನು ಬರೆದಿರಬಹುದು ಎಂದು ಕುತೂಹಲ ಉಂಟಾಯಿತು ಹತ್ತಿರ ಹೋಗಿ ನೋಡಿದರೆ ಅದರಲ್ಲಿ ಬರೆದಿತ್ತು-

ಈ ರಸ್ತೆಯಲ್ಲೆಲ್ಲೋ ಐವತ್ತು ರುಪಾಯಿಯನ್ನು ಕಳೆದುಕೊಂಡಿದ್ದೇನೆ ನಿಮಗೆ ಯಾರಿಗಾದರೂ ಸಿಕ್ಕರೆ, ಈ ವಿಳಾಸದಲ್ಲಿರುವ ನನಗೆ ತಲುಪಿಸಿ. ನನ್ನ ಕಣ್ಣಿನ ದೃಷ್ಟಿ ತುಸು ಮಂಜಾಗಿದೆ ದಯವಿಟ್ಟು ಸಹಾಯ ಮಾಡಿ.

ನಾನು ಆವಿಳಾಸವನ್ನು ಗಮನಿಸಿದೆ ಅಲ್ಲಿರುವ ವ್ಯಕ್ತಿಯನ್ನು ನೋಡಬೇಕು ಎಂದು ಬಲವಾಗಿ ಅನಿಸಿತು. ಆವಿಳಾಸದ ಬಳಿ ಹೋದಾಗ ಗುಡಿಸಲಿನಂತ ಮನೆಯ ಮುಂದೆ ಮುದುಕಿಯೊಬ್ಬಳು ಕುಳಿತಿದ್ದಳು. ಆಕೆ ಬಸವಳಿದಿದ್ದಳು ನಾನು ಬರುತ್ತಿರುವ ಸದ್ದನ್ನು ಕೇಳಿ ಯಾರು? ಎಂದಳು ನಾನು ಅಜ್ಜಿ ,ಈ ದಾರಿಯಲ್ಲಿ ಬರುವಾಗ ಐವತ್ತು ರೂಪಾಯಿ ಸಿಕ್ಕಿತು. ಕರೆಂಟ್ ಕಂಬದ ಮೇಲೆ ಬರೆದ ಬೋರ್ಡ್ ನೋಡಿದೆ. ನಿಮಗೆ ಕೊಟ್ಟು ಹೋಗೋಣ ಎಂದು ಬಂದೆ ಅಂದೆ.

ನನ್ನ ಮಾತು ಕೇಳಿ ಅವಳ ಕಣ್ಣು ತೇವವಾದವು. ಈಗಾಗಲೆ 40-50 ಮಂದಿ ಬಂದು ದಾರಿಯಲ್ಲಿ ತಮಗೆ ಐವತ್ತು ರೂಪಾಯಿ ಸಿಕ್ಕಿತೆಂದು ಕೊಟ್ಟು ಹೋಗಿದ್ದಾರೆ. ಆಷ್ಟಕ್ಕೂ ಆ ಕರೆಂಟ್ ಕಂಬದ ಮೇಲೆ ನಾನು ಬೋರ್ಡ್ ನೇತು ಹಾಕಿಲ್ಲ ನನಗೆ ಓದಲು ಬರೆಯಲು ಬರುವುದಿಲ್ಲ, ಎಂದಳು . ಪರವಾಗಿಲ್ಲ ಐವತ್ತು ರುಪಾಯಿ ಇಟ್ಟುಕೊಳ್ಳಿ ಎಂದೆ.

ನೀವು ಇಲ್ಲಿಂದ ಹೋಗುವಾಗ ಆ ಕಂಬದ ಮೇಲೆ ಬರೆದ ಬೋರ್ಡ್ ತೆಗೆದುಹಾಕಿ ಎಂದು ನನ್ನನ್ನು ವಿನಂತಿಸಿದಳು. ಸೋಜಿಗವೆಂದರೆ ತನ್ನನ್ನು ನೋಡಲು ಬಂದವರಿಗೆಲ್ಲ ಬೋರ್ಡ್ ಅನ್ನು ತೆಗೆದು ಹಾಕುವಂತೆ ಹೇಳುತ್ತಿದ್ದಳು. ಆದರೆ ಯಾರೂ ಹಾಗೆ ಮಾಡಿರಲಿಲ್ಲ

ನಾನು ವಾಪಸ್ ಬರುವಾಗ ಯೋಚಿಸಲಾರಂಬಿಸಿದೆ, ಕರೆಂಟ್ ಕಂಬದ ಮೇಲೆ ಯಾರು ಈ ಬೋರ್ಡ್ ತಗುಲಿ ಹಾಕಿರಬಹುದು... ತನ್ನನ್ನು ನೋಡಲು ಬಂದವರಿಗೆಲ್ಲ ಅದನ್ನು ತೆಗೆದು ಹಾಕಿ ಎಂದು ಹೇಳಿದರೂ ಯಾರೂ ತೆಗೆದು ಹಾಕಲಿಲ್ಲ...

ಯಾರೋ ಒಬ್ಬನಿಗೆ ಆ ಮುದುಕಿಗೆ ಸಹಾಯ ಮಾಡಬೇಕೆಂದು ಅನಿಸಿರಬೇಕು, ಆತ ಬೋರ್ಡ್ ಅನ್ನು ಹಾಕಿರಬೇಕು...

ಒಬ್ಬರಿಗೆ ಸಹಾಯ ಮಾಡಬೇಕು ಅನಿಸಿದರೆ ಎಷ್ಟೊಂದು ದಾರಿಗಳಿವೆಯಲ್ಲ.

ಅಷ್ಟೊತ್ತಿಗೆ ಯಾರೋ ಕರೆದಂತಾಯಿತು. ಸಾರ್ ಈ ಅಡ್ರೆಸ್ ನಲ್ಲಿರುವ ವ್ಯಕ್ತಿಯನ್ನು ಬೇಟಿ ಮಾಡುವುದು ಹೇಗೆ? ಅಲ್ಲಿಗೆ ಹೋಗುವುದು ಹೇಗೆ? ನನಗೆ ದಾರಿಯಲ್ಲಿ ಐವತ್ತು ರೂಪಾಯಿ ಸಿಕ್ಕಿತು ಅವರಿಗೆ ತಲುಪಿಸಬೇಕಾಗಿದೆ ಎಂದು ದಾರಿಹೋಕನೊಬ್ಬ ಹೇಳಿದ

ನಾನು ಗದ್ಗದಿತನಾದೆ
ಮಾನವೀಯತೆಯ ಕೊರತೆ ಮಾತ್ರ ಎಂದಿಗೂ ಬತ್ತುವುದಿಲ್ಲ,,,, ಅದು ಎಲ್ಲದರಲ್ಲೂ ಜಿನುಗುತ್ತಲೇ ಇರುತ್ತದೆ
ಎಂಬ ಮಾತು ಎಷ್ಟು ಸತ್ಯ ಅಲ್ಲವೆ...



**SHASHIDHARA**
BDM - Bangalore RO

# ഹിമഗിരി



PRAVEENA

ഹിമഗിരി നിരയുടെ നെറുകയിലെ
ഹിമകണമാവാൻ ആശിച്ചു
ഹിമവാനാമെൻ മഹേശ്വരനും
ഹിമഗിരിയിലായ് വസിക്കുന്നു

കവിതയിലൂടെ ഹിമഗിരിയെന്നും
കാച്ചിക്കുറുക്കിയ വാക്കുകളായ്
കഥകളങ്ങനെ പറയുവാനായ്
കർമ്മഭൂവിലിരിപ്പൂ ഹിമവാൻ

മഹിമയോടെ വാഴും പുണ്യധാമമേ
മനതാരിൽ കുളിരാണെല്ലാർക്കും
മഹിതം നിറയുമീ ഹിമശിഖരം
മൃത്യുഞ്ജയൻ തന്നുടെ സങ്കല്പം

ജനലക്ഷങ്ങൾ നിറയുമീ മണ്ണിൽ
ജന്മാന്തര പുണ്യവും നേടാനാ
ജനസേനാധികളെന്നും ഗിരിയിലായ്
ജനത്തിനു കാവലാളായ് നിൽപ്പൂ

സാഹസികരാം ഒരുപറ്റം യാത്രക്കാർ
സസന്തോഷം ഗിരിയിലെത്തുന്നു
സ്വർഗ്ഗതുല്യമാം ഗിരിയിലേറിയവർ
സ്വപ്നനിരയെ കീഴടക്കുന്നു

വജ്രശോഭയോടെ നിൽക്കും ഹിമഗിരി
വശ്യചാരുത തീർക്കും സതിയും
വർണ്ണപൂരിതയാമെൻ ഹിമഗിരിക്കോ
വർണ്ണനയെന്നും ഒരലങ്കാരം

# 2022 2023


## പുതുപുലരി പിറക്കുമ്പോൾ

പഴയ ആണിയിൽ തന്നെ പുതിയൊരു കലണ്ടർ തൂക്കിയിടാം
അതേ അക്കങ്ങൾ.. അതേ അക്ഷരങ്ങൾ.
ആയുസ്സിൽ നിന്ന് ഒരു വർഷംകൂടി കൊഴിയുമ്പോൾ
പടക്കം പൊട്ടിച്ച്
മരണത്തെ വരവേൽക്കുന്നവർ..
പ്രായത്തിന്റെ സംഖ്യയിൽ
ഒന്ന് വർദ്ധിക്കുമ്പോൾ
വെളിച്ചം ഊതിക്കെടുത്തി
മധുരം മുറിക്കുന്നവർ ..
കഴിഞ്ഞ് പോയ ഇന്നലെകളുടെ
നഗ്നസത്യങ്ങളിൽ നിന്ന്
സ്വപ്നങ്ങൾ പിറവികൊള്ളുന്ന
നാളെയുടെ തീരത്തേക്ക് ..
തിരിച്ചറിവിന്റെ വഴികളിലൂടെ
തിരിച്ച് വരാത്തയാമങ്ങൾതാണ്ടി
കാണാ കയങ്ങൾക്കപ്പുറത്തേക്ക്
പ്രതീക്ഷയുടെ ചിറകേറി
നിമിഷങ്ങളുടെ ദൂരത്ത് പുതിയൊരു വർഷംപിറക്കുമ്പോൾ..
മാറ്റമില്ലാത്ത പകലിൽ
മാറിയ കാലത്തിനൊപ്പം ഒരു പാട് അർത്ഥങ്ങളുള്ള
വിശുദ്ധമായൊരു മൗനവും പേറി
ഒരു യാത്ര .



**Mansoor AG**
Sr. Manager - Finance

## എല്ലില്ലാ ഇറച്ചി



നിങ്ങൾക്കറിയാമോ 'എല്ലില്ലാ ഇറച്ചി' എന്നപേരിൽ വിളിക്കുന്ന വിളയെ കുറിച്ച് ഇരുപതാം നൂറ്റിലെ 'അത്ഭുത വിള'എന്നും ഇത് അറിയപെടുന്നുണ്ട്. അത് മറ്റൊന്നുമല്ല. ഇന്ന് നമുക്കിടയിൽ പ്രചാര പെട്ടുവരുന്ന 'സോയ ബീൻ' എന്ന പയറുവർഗ്ഗമാണ്. ഏറ്റവും കൂടുതൽ പ്രോട്ടീൻ അടങ്ങിയ ഒരു സസ്യവർഗ്ഗമാണിത്. മുട്ടയിലും മത്സ്യത്തിലും അടങ്ങിയതിനെക്കാളും മൂന്നിരട്ടി പ്രോട്ടീൻ ഇതിലുണ്ടത്രേ. കൂടാതെ വിറ്റാമിനുകൾ, ഇരുമ്പ്, കാത്സ്യം , ഫോസ്ഫറസ്, എന്നിവയും ഏറെയുണ്ട്. വിത്തിലടങ്ങിയ എണ്ണ 30 മുതൽ 50 ശതമാനം വരെയാണ്. ഭക്ഷ്യക്ഷാമവും പോഷക ഹാരക്കുറവും മൂലം മരണം വിതച്ച 20ാം നൂറ്റാണ്ടിൽ ഈ പയർ ഏറ്റവും വലിയ അനുഗ്രഹം ആയിരുന്നു എന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

ചൈനയിലും ജപ്പാനിലുമാണ് ഈ വിളയെകുറിച്ചു ആദ്യം രേഖപെടുത്തിയത്. ചൈനയിൽ BC 2838ൽ ജീവിച്ചിരുന്ന ' ഷെങ്ങ്നങ്ങ്' എന്ന ചക്രവർത്തി 'സ്വർഗീയ രക്ഷകൻ' എന്നർത്ഥം വരുന്ന 'ചെൽസാ വോ കോങ്ങ് മു' എന്ന പുസ്തകത്തിലാണ് ലോകത്തിൽ ആദ്യമായി രേഖപെടുത്തിയത്. ചൈനയിലെ 5 പരിശുദ്ധ ധാന്യങ്ങളിൽ ഒന്നാണിത്. കൺഫ്യൂഷസ് ഇതിന് ഷു എന്നാണ് രേഖപെടുത്തിയത്. ചൈനയിലും ജപ്പാനിലും ദൈനം ദിന ആഹാരത്തിൽ സോയ പയർ നിർബന്ധമായും ഉൾപെടുത്തിയിരിക്കുന്നു. 20ാം നൂറ്റാണ്ടു വരെ അവിടങ്ങളിൽ മാത്രം കേന്ദ്രീകരിച്ച ഈ വിള ഒന്നും രണ്ടും ലോക മഹായുദ്ധകാലത്ത് ഏഷ്യയിലാകെയും ലോകത്തിന്റെ പല ഭാഗത്തും വ്യാപിച്ചു നമ്മുടെ നാട്ടിൽ വയലുകളിൽ ചെറുപയർ കൃഷിചെയ്യുന്നപോലെ ഇന്ന് മിക്ക ഏഷ്യൻ രാജ്യങ്ങളിലും ഇത് കൃഷി ചെയ്യുന്നുണ്ട്.

ഭക്ഷ്യ വസ്തുകളായി സോയ ബീൻസ്, സോയപരിപ്പ്, സോയ എണ്ണ, സോയ മിൽക്ക് തുടങ്ങി വിവിധ രൂപത്തിൽ ഭക്ഷവസ്തുവായി ഉപയോഗിക്കുന്നു. എണ്ണ ഉത്പാദിച്ച ശേഷമുള്ള ചണ്ടിയാണ് നമ്മൾ മാർക്കറ്റിൽ നിന്നും വാങ്ങുന്ന, വേവിച്ചാൽ ഇറച്ചി പോലുള്ള സോയ ഉണ്ടകൾ (soya chunks). ഇവയുടെ ഉത്പന്നമായി ലഭിക്കുന്ന വസ്തുക്കൾ വ്യാവസായികമായി ചോക്ക്, പ്ലാസ്റ്റിക്ക്, പെയിന്റ്, അച്ചടിമഷി വാർണിഷ്. ഗ്ലിസറിൻ, പശ, കീടനാശിനികൾ, എന്നിവക്കെല്ലാം അസംസ്കൃതവസ്തുവാണ്. ഔഷധ പ്രാധാന്യമുള്ള വിവിധ ആന്റിബയോട്ടിക്കുകൾക്കു സോയ ബീൻ പ്രധാനമാണത്രെ. കേരളത്തിലെ കൃഷിയിടത്തിലും സോയ ബീൻ കൃഷി ചെയ്യാൻ സാധിക്കുന്നതാണ്.



**PRASANTH VS**
Executive Document Verification
Daily Loan



RALIKA PR
Senior Executive -
Agriculture Hydroponics

# വെണ്ട



ലേഡിസ് ഫിംഗർ അല്ലെങ്കിൽ ഒക്ര/ഭിണ്ടി/ വെണ്ട എന്നും അറിയപ്പെടുന്നു, ഇത് ഇന്ത്യയിലെ ഒരു പ്രധാന പച്ചക്കറി വിളയാണ്. ഉഷ്ണമേഖലാ പ്രദേശങ്ങളിലും ഉപ ഉഷ്ണമേഖലാ പ്രദേശങ്ങളിലും മിതമായ പ്രദേശങ്ങളിലെ ചൂടുള്ള പ്രദേശങ്ങളിലും ഇത് വളരുന്നു.

100 ഗ്രാം ഭക്ഷ്യയോഗ്യമായ വെണ്ടയുടെ പോഷകമൂല്യം 1.9 ഗ്രാം പ്രോട്ടീൻ, 0.2 ഗ്രാം കൊഴുപ്പ്, 6.4 ഗ്രാം കാർബോഹൈഡ്രേറ്റ്, 0.7 ഗ്രാം ധാതുക്കൾ, 1.2 ഗ്രാം നാരുകൾ എന്നിവ നൽകുന്നു.



സീസൺ:
ജൂൺ - ഓഗസ്റ്റ്, ജനുവരി - മാർച്ച് മാസങ്ങളിൽ വെണ്ട കൃഷി ചെയ്യാവുന്നതാണ്

കാലാവസ്ഥ:
വളരുന്ന കാലഘട്ടത്തിൽ, നീണ്ട ഊഷ്മള സീസൺ ആവശ്യമാണ്.
ഈർപ്പമുള്ള അവസ്ഥയിൽ, ഇത് നല്ല വിളവ് നൽകുന്നു.
22 - 35 ഡിഗ്രി സെൽഷ്യസ് താപനിലയിൽ ഇത് നന്നായി വളരുന്നു.
20 ഡിഗ്രി സെൽഷ്യസിൽ താഴെയുള്ള വിത്തുകൾ മുളയ്ക്കാൻ ബുദ്ധിമുട്ടാണ്.
ഇനങ്ങൾ : സൽകീർത്തി ,അർക്ക അനാമിക ,ആനക്കൊമ്പൻ ,അഞ്ജിത

മണ്ണിന്റെ ആവശ്യകത:
എല്ലാത്തരം മണ്ണിലും ഇത് നന്നായി വളരുന്നു.
ഇതിന്റെ കൃഷിക്ക് മണൽ കലർന്ന പശിമരാശി മണ്ണും കളിമണ്ണ് കലർന്ന മണ്ണുമാണ് ഏറ്റവും നല്ലത്.
ഒപ്റ്റിമൽ pH 6 - 6.8 ആണ്. ഉയർന്ന ജൈവാംശമുള്ള മണ്ണാണ് അഭികാമ്യം

വിത്ത് നിരക്കും വിതയ്ക്കുന്ന സമയവും:
വേനൽക്കാലത്ത്, വിത്ത് നിരക്ക് ഹെക്ടറിന് 5 - 5.5 കിലോഗ്രാം ആണ്.
മഴക്കാലത്ത് വിത്ത് നിരക്ക് ഹെക്ടറിന് 8 - 10 കി.ഗ്രാം ആണ്.
വിത്ത് പാകുന്നതിന് മുമ്പ് 6 മണിക്കൂർ സ്യൂഡോമോണസ് (0.1%) ലായനിയിൽ മുക്കിവയ്ക്കണം. വിതയ്ക്കുന്നതിന് 3 - 4 ദിവസം മുമ്പ് കുതിർത്ത് നനയ്ക്കുന്നത് വളരെ ഗുണം ചെയ്യും.
ഏകദേശം 4 - 5 ദിവസത്തിനുള്ളിൽ വിത്തുകൾ മുളക്കും
ഖാരിഫ് സീസണിൽ 60 ഃ 30 സെന്റീമീറ്റർ അകലത്തിലും വേനൽക്കാലത്ത് 30 ഃ 30 സെന്റീമീറ്റർ അകലത്തിലും നടാവുന്നതാണ്

ജലസേചനം:
വേനൽക്കാലത്ത്, വിളകൾക്ക് വേഗത്തിലുള്ള വളർച്ചയ്ക്ക് മണ്ണിൽ ഉചിതമായ ഈർപ്പം ആവശ്യമാണ്.
സീസണിലുടനീളം സ്ഥിരമായ ഈർപ്പം നൽകുന്നതിനാൽ ഡ്രിപ്പ് ഇറിഗേഷൻ വിളകൾക്ക് ഏറ്റവും ഉപയോഗപ്രദമാണ്.
വളർച്ചയുടെ പ്രാരംഭ ഘട്ടത്തിൽ ഒരു ദിവസത്തേക്ക് 2.4 ലിറ്ററാണ് വിളയുടെ പ്രതിദിന ജല ആവശ്യം.
വളർച്ചയുടെ ഏറ്റവും ഉയർന്ന ഘട്ടത്തിൽ ഇതിന് പ്രതിദിനം 7.6 ലിറ്റർ ആവശ്യമാണ്.

വിളവെടുപ്പ്:
നടീലിനു ശേഷം 35 - 40 ദിവസം മുതൽ പൂവിടാൻ തുടങ്ങും.കായ്കൾ 23 ഇഞ്ച് നീളമുള്ളപ്പോൾ മുതൽ 55 - 65 ദിവസത്തിനുള്ളിൽ വിളവെടുപ്പ് ആരംഭിക്കുന്നു.
ഈ ഘട്ടത്തിൽ കായ്കൾ മൃദുവാണ്.കായ്കൾ വളരെ വേഗത്തിൽ വളരുന്നതിനാൽ 23 ദിവസം കൂടുമ്പോൾ വിളവെടുക്കണം.
കായ്കൾ ചെടിയിൽ പാകമാകരുത്, കാരണം ഇത് കൂടുതൽ കായ്കൾ വളരുന്നതിന് തടസ്സമാകുകയും ചെടിയുടെ ഉത്പാദനം കുറയ്ക്കുകയും ചെയ്യും.

വരുമാനം:
വിളവ് വേനൽക്കാലത്ത് ഹെക്ടറിന് 5 - 7 ടണ്ണും മഴക്കാലത്ത് ഹെക്ടറിന് 8 - 10 ടണ്ണും വ്യത്യാസപ്പെട്ടിരിക്കുന്നു.



NITHIN
CREDIT OFFICER - GROUP LOAN

## രണ്ടാം ജന്മം

വിചനമായ വഴിത്താരകൾ
നിലക്കുന്നിടത്തു നിന്നു
തുടങ്ങുന്നു
ദൈവം തന്ന രക്ഷ ഭ്രാന്ത്.
ചിന്തിക്കുന്നതും മൊഴിയുന്നതും
ഏതെന്നറിയാതെ
ഉടൽ മാറാതെ കിട്ടിയ
രണ്ടാം ജന്മത്തിന്റെ പകർപ്പ്.
എൻ സ്വന്തമെന്നു ഞാൻ കരുതിയ നിഴൽ
പോലും
ഉറക്കെ ഭ്രാന്തൻ എന്നലറി.
ഞാനെന്ന ജന്മത്തെ
ഒരു ചിതാഭസ്മം കണക്കെ
കടലിലൊഴുക്കണം.
ചിതാ ഭസ്മം പരക്കെ പടരുമ്പോൾ...
മദിച്ചുയരുന്ന തിരകൾ സാക്ഷിയായ്...
എന്റെ ചിത്തഭ്രമം എന്നന്നേക്കുമായി
കടലിലലിഞ്ഞു ചേരണം. 🌹🌹🌹🌹🌹






SINSHA RUDRA
Executive - Operations



# உணவை ஆரோக்கியமானதாக மாற்றுவோம்

நாம் அனைவரும் உண்ணும் உணவு சுத்தமாகவும், ஆரோக்கியமானதாகவும் இருக்க வேண்டும் என்று தான் விரும்புவோம். சுத்தமான உணவை சாப்பிடுவதால் கிடைக்கும் நன்மைகள் பற்றி நாம் கேள்விப்பட்டிருப்போம். அதனை பின்பற்றுவது சற்று கடினமான விஷயம் தான்.

நாம் சாப்பிட வேண்டிய உணவுகள் எவை, சாப்பிடக் கூடாத உணவுகள் எவை என்று தெரிந்து கொள்ள வேண்டும். ஆரோக்கியமான உணவுப் பழக்கத்தை தொடங்க நினைப்போர் பின்பற்ற வேண்டிய சில வழிமுறைகள் பற்றித் தெரிந்து கொள்வோம்.

ஆரோக்கியமான உணவுகள்:

1.சுத்தமான மற்றும் ஆரோக்கியமான உணவுகளை சாப்பிடுவது டைப் 2 நீரிழிவு நோய் மற்றும் உடல் பருமன் உள்ளிட்ட பல வாழ்க்கை முறை பிரச்சனைகளின் அபாயத்தைக் குறைக்க உதவும் என்று ஆய்வுகள் கூறுகின்றன.

2.அதிக அளவில் பழங்கள் மற்றும் காய்கறிகள்:

ஒவ்வொரு பருவகாலத்தில் கிடைக்கும் பழங்கள் மற்றும் காய்களை நாம் உணவில் பயன்படுத்தவேண்டும். அதிலும், சுத்தம் என்று வரும்போது, அவை இயற்கை விளைபொருட்களாக இருத்தல் வேண்டும். பழங்கள் மற்றும் காய்கறிகள் மிகவும் ஆரோக்கியமானவை மட்டுமின்றி, ஊட்டச்சத்துக்கள் நிறைந்தவை. இவை நமக்கு நிறைய நன்மைகளைத் தரும்.

3.குறைந்த அளவு இறைச்சி:

மட்டன் மற்றும் சிக்கன் போன்ற இறைச்சிகள் ஆரோக்கியமானதாக இருந்தாலும்கூட, அதனை அதிக அளவில் எடுத்துக் கொள்வது கெட்ட கொழுப்பை உங்களின் உடலில் சேரச் செய்யும்.குறைந்த அளவு இறைச்சியை உண்ணும் உணவில் சேர்த்துக் கொள்வது மிகவும் நல்லது. நாம் உண்ணும் இறைச்சி சுத்தமான மற்றும் புதிய இறைச்சி தானா என்பதையும் உறுதிப்படுத்திக் கொள்ளுங்கள்.

4.முழு தானிய உணவுகளை தேர்வு செய்யுங்கள்:


முழு தானிய உணவு வகைகளை சாப்பிடுவது உடலுக்கு நல்லது மற்றும் ஆரோக்கியமானவை. முழு தானிய உணவுகளை எடுத்துக் கொள்வதன் மூலம், செரிமானம் அதிகரிக்கவும், நோய் எதிர்ப்பு சக்தி அதிகரிக்கவும் உதவுவதோடு எளிதாக உடல் எடையைக் குறைக்கவும் உதவும்.

5.பதப்படுத்தப்பட்ட உணவுகள்:

பேக்கேஜ் செய்யப்பட்ட மற்றும் பாஸ்ட் புட் உணவுகள் செயற்கை ரசாயனங்களால் நிறைந்து இருக்கும் என்பதை நினைவில் கொள்ளுங்கள். அவை உடலுக்கு தீங்கு விளைவிப்பது மட்டுமின்றி, புற்றுநோய் ஏற்படவும் காரணமாக அமையும்.எனவே பதப்படுத்தப்பட்ட உணவுகளை தவிர்க்க வேண்டும்.

இதற்கு எல்லாம் மேலாக சரியான நேரத்தில் சாப்பிடவும், முறையாக உறங்கும் பழக்கமும் ஆரோக்கியமான வாழ்விற்கு அடிப்படையாகும்.

நன்றி: வலைதளப்பதிவு



JANARDHANAN

# പരിപ്പുവട



**MARIYAMA PIOUS**
Vice -Chairman



### ആവശ്യമുള്ള സാധനങ്ങൾ

കടലപരിപ്പ് 1 കപ്പ്
ചുവന്നുള്ളി 10 എണ്ണം
പച്ചമുളക് 4 എണ്ണം
ഇഞ്ചി ഒരു ചെറിയ കഷ്ണം
കറിവേപ്പില 2 തണ്ട്
ക്രഷ്ട് ചില്ലി 2 ടീസ്പൂൺ
വെളിച്ചെണ്ണ ആവശ്യത്തിന്
ഉപ്പ് പാകത്തിന്

### തയ്യാറാക്കുന്ന വിധം

**കടലപരിപ്പ് 2 മണിക്കൂർ വെള്ളത്തിൽ കുതിർത്തുക. അതിൽ നിന്ന് 2 ടേബിൾ സ്പൂൺ പരിപ്പ് മാറ്റി വെച്ച് ബാക്കിയുള്ളത് പച്ചമുളകും ഇഞ്ചിയും ചേർത്ത് തരു തരുപ്പായി അരച്ചെടുക്കുക. അതിലേക്ക് ചുവന്നുള്ളി അരിഞ്ഞതും കറിവേപ്പില അരിഞ്ഞതും ഉപ്പും ക്രഷ്ഡ് ചില്ലിയും മാറ്റി വെച്ച പരിപ്പും ചേർത്ത് കുഴക്കുക. കുറെശ്ശെ എടുത്തു ഉരുളകളാക്കി പരത്തി വെളിച്ചെണ്ണയിൽ മൊരിയിച്ചെടുക്കുക.**

# നെത്തോലി തോരൻ



### ആവശ്യമുള്ള സാധനങ്ങൾ

തേങ്ങ തിരുമ്മിയത് – അര മുറി തേങ്ങ
കാന്താരി മുളക് – 4–5 എണ്ണം (പച്ചമുളക് ആയാലും മതി)
ചുമന്നുള്ളി – 7–8 എണ്ണം
വെളുത്തുള്ളി – 2–3 അല്ലി
മഞ്ഞൾപൊടി – കാൽ ടി സ്പൂൺ
കാശ്മീരി മുളക് പൊടി – അര ടി സ്പൂൺ
ഇഞ്ചി – ഒരു ചെറിയ കഷണം
കുടം പുളി – 2 എണ്ണം

### തയ്യാറാക്കുന്ന വിധം

1.നെത്തോലി കഴുകി ,വൃത്തിയാക്കി എടുക്കുക

2.തേങ്ങ തിരുമ്മിയത് മഞ്ഞൾ, മുളകുപൊടി, കാന്താരിമുളക്, ചുമന്നുള്ളി, വെളുത്തുള്ളി, ഇഞ്ചി, കറി വേപ്പില എന്നിവ ചേർത്ത് ചതച്ചു എടുക്കുക.

3.ഒരു മീൻ ചട്ടിയിൽ / പാനിൽ വെളിച്ചെണ്ണ ഒഴിച്ച് (മീഡിയം ചൂട് മതി) രണ്ട്തണ്ട് കറി വേപ്പില അതുപോലെ വെച്ച്, അതിലേക്കു നെത്തോലി മീനും തേങ്ങ അരച്ചതും കുടം പുളിയും ഉപ്പും ആവശ്യത്തിനു വെള്ളവും ചേർത്ത് അടച്ച് വേവിക്കുക .ഇടക്ക് ഇളക്കണം .

4. വെള്ളം നല്ലത് പോലെ വറ്റി കഴിഞ്ഞ് തീ അണക്കുക.

5.അടുപ്പിൽ നിന്ന് ഇറക്കി വെച്ചതിനു ശേഷം ഒരു സ്പൂൺ വെളിച്ചെണ്ണ തോരന് മുകളിൽ തൂവുക, ചട്ടി ഒന്ന് ചുറ്റിച്ച ശേഷം ഒരു അഞ്ചു മിനിറ്റ് അടച്ച് വെക്കുക .

6. ചൂട് ചോറിൻറെ കൂടെ വിളമ്പാൻ നെത്തോലി തോരൻ തയ്യാറായി കഴിഞ്ഞു.



**Aiswarya Sanesh**
Executive - Telecalling



## വാക്ക്

വാക്കാലുറപ്പിച്ച ബന്ധങ്ങൾ
വാക്കിനുറപ്പില്ലാത്ത ബന്ധങ്ങൾ
വാക്കിനർത്ഥമില്ലാത്ത ബന്ധങ്ങൾ
വാക്കിൽ കലർപ്പുള്ള ബന്ധങ്ങൾ
കൂടെയുണ്ടെന്നും കൂടെയാണെന്നും കൂട്ടിനുണ്ടെന്നും
വാക്കാൽ കള്ളം ചൊല്ലിയ ബന്ധങ്ങൾ
നേര് ഏതാണെന്നും
കള്ളം ഏതാണെന്നും എനിക്കറിയുന്നില്ല
നീണ്ടു പോകും കാലം
അന്ന് സാക്ഷിയായ് കാലം
ചൊല്ലും വാക്കിനർത്ഥവും
അനർത്ഥവും



**NIDHISHA S KUMAR**
Customer Relationship Officer - Group Loan

## വാർദ്ധക്യം

മുന്നോട്ടു കുതിക്കുന്ന ജീവിത വഴികളിലൊക്കെയും
നമുക്ക് കൂട്ടായി നിന്നിടും മാതാപിതാക്കളെ
ഒരു വാക്കിനാലോ നോക്കിനാലോ
അലോസരപ്പെടുത്താതെ സംരക്ഷിക്കുകയെന്നതെ
മക്കൾ തൻ കടമയും കർത്തവ്യവും....
തന്റെ യൗവന സ്വപ്നങ്ങളിൽ പൂണ്ടു
വിളയാടാതെതൻ മക്കൾക്കായ് സർവ്വവും
ത്യജിച്ച ആ മാതാപിതാക്കളെ നിങ്ങൾ
ഹൃദയത്തോട് ചേർത്തണക്കുക
അവർ വഴിയോരങ്ങളിൽ ഒരു നേരത്തിനുള്ള
അന്നം തേടി അലയാതിരിക്കട്ടെ
അറിഞ്ഞോ അറിയാതെയോ നാം ചെയ്തു
കൂട്ടും മനുഷ്യത്വരഹിതമാം ചെയ്തികൾക്ക്
നമ്മുടെ അനന്തര തലമുറയും പാത്രമാകാതിരിക്കട്ടെ
കരുതലോടെ കാത്തുകൊള്ളുക നമുക്ക് ജന്മം
തന്നവരെ കൈ പിടിച്ചു നടത്തുക അവർ
ജീവിച്ചിരിക്കും കാലം വരെയും നമ്മളോടും
നമ്മുടെ മക്കളോടുമൊപ്പം....



**RAJANA RAJU**
CRE- Group Loan

## MALANKARA CREDIT SOCIETY BUSINESS MEET 2023









## PRODUCT OF THE MONTH

### MSD SUPREME - DOUBLING PRODUCT (6 YEARS)

| SI No | DEPOSIT AMOUNT | MATURITY VALUE |
|---|---|---|
| 1 | 10,000 | 20,000 |
| 2 | 25,000 | 50,000 |
| 3 | 50,000 | 1,00,000 |
| 4 | 1,00,000 | 2,00,000 |
| 5 | 2,00,000 | 4,00,000 |
| 6 | 2,50,000 | 5,00,000 |
| 7 | 5,00,000 | 10,00,000 |
| 8 | 10,00,000 | 20,00,000 |



മലങ്കര ക്രെഡിറ്റ് സൊസൈറ്റി "ഇ-മാഗസിൻ," പെറ്റൽസ് വാല്യം 12 ലക്കി ഡ്രോ മത്സര വിജയി ശ്രീ മുഹമ്മദാലി വി, വൈസ്ചെയർമാൻ ശ്രീമതി മറിയാമ്മ പിയൂസിൽ നിന്ന് സ്വർണ്ണ നാണയം ഏറ്റുവാങ്ങുന്നു.

# FUN FROLIC





Needhu



Muhammed Bashheer


Unnimaya Sajeev



Manjusha



Jayasanker


Swetha


Drishya


Arun Krishna


Athira KG


Blessin Sunny


ArunKumar TP



## Induction Program for new employees


11/01/2023 First row(left to right) :- Syama Krishna Das,Hridhya T R, Akhil Raj C, Alphons Francis, Anoop V S,Sooraj M S, Vishnu C R,Sooraj N
Second row(left to right):- Rubeena Kabeer,Neethu V N(Trainer -HR),Jisso Baby(CMD), Jose Mohan C J(V P) ,Sandhya P K(AGM-Finanance)


26/12/2022 From left to right(first row):- Nithin P,Prakashan V K, Keerthy R,Neethu( Trainer - HR)
From left to right(second row) :- Jose Mohan C J( V P), Mariyamma Pious( V C)
Jisso Baby( CMD)

PETALS of Malankara




# Answer & Win!

Terms and conditions apply

for members only

1. ഈ മാസത്തിലെ 'Product of The Month' ന്റെ പേരെന്താണ്?
2. ഈ മാസത്തിലെ 'Product of The Month' ന്റെ കാലാവധി എന്താണ്?

മുകളിലുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകൂ, 9072597329 എന്ന നമ്പറിലേക്ക് നിങ്ങളുടെ അംഗത്വ ഐഡിയും മുഴുവൻ പേരും മൊബൈൽ നമ്പറും സഹിതം WhatsApp ചെയ്യൂ
അല്ലെങ്കിൽ media@mmsccs.com ലേക്ക് ഇമെയിൽ ചെയ്യുക

## നിബന്ധനകളും വ്യവസ്ഥകളും

1. മലങ്കര ക്രെഡിറ്റ് സൊസൈറ്റിയാണ് ഭാഗ്യ നറുക്കെടുപ്പ് മത്സരം നിങ്ങളിലേക്ക് കൊണ്ടുവരുന്നത്
2. പങ്കെടുക്കാൻ യോഗ്യത നേടുന്നതിന്, നിങ്ങൾ മലങ്കര ക്രെഡിറ്റ് സൊസൈറ്റിയിൽ അംഗമായിരിക്കണം
3. മലങ്കര ക്രെഡിറ്റ് സൊസൈറ്റി ജീവനക്കാർക്ക് മത്സരത്തിന് അർഹതയില്ല
4. 2023 ഫെബ്രുവരി 5, ഉച്ചയ്ക്ക് 12 മണി വരെ നിങ്ങൾക്ക് ഉത്തരങ്ങൾ അയക്കാം.
5. എല്ലാ ചോദ്യങ്ങൾക്കും നിങ്ങൾ ശരിയായി ഉത്തരം നൽകിയാൽ നിങ്ങൾക്ക് ഒരു ഭാഗ്യ നറുക്കെടുപ്പിന് അർഹതയുണ്ട്.
6. ചോദ്യങ്ങൾക്ക് ശരിയായി ഉത്തരം നൽകിയ അംഗങ്ങൾക്കിടയിൽ ഇത് നടപ്പിലാക്കും.
7. 2023 ഫെബ്രുവരി 6ന് നറുക്കെടുപ്പിലൂടെ വിജയിയെ  തിരഞ്ഞെടുക്കും.
8. നറുക്കെടുപ്പിലെ വിജയിക്ക് സ്വർണ്ണ നാണയം ലഭിക്കും

## DECEMBER - Liability Products

1st



10.5 Lacs

Varun VN
Credit Officer

2nd



5 Lacs

Anjitha B
Customer Care Executive

3rd



3 Lacs

Jose ML
Chief Manager - Operations